6937
12/07/16

**പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം, ദക്ഷിണ മേഖല, തിരുവനന്തപുരം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടിക്രമം**

ഹാജർ. കെ. ദിവാകരൻ

വിഷയം:- പൊതുമരാമത്ത് വകുപ്പ് - ഗവൺമെന്റ് കരാറുകാരന്റെ 'ബി' ക്ലാസ് ലൈസൻസ് റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:- 1) 15/6/2010 തീയതിയിൽ ഈ ഓഫീസിൽ നിന്നും അനുവദിച്ച 18 B/SESC /2010-11 നമ്പർ 'ബി' ക്ലാസ് ലൈസൻസ്

2) 23/05/2016 തീയതിയിൽ ശ്രീ.ദ്വിദിഷ് ദ്വിവേദി, കരിക്കുഴിയിൽ ഹൗസ്, എസ്.എൻ.പുരം.പി.ഒ, ചേർത്തല, ആലപ്പുഴയിൽ നിന്നും ലഭിച്ച അപേക്ഷ.

**ഉത്തരവ് നം.എഫ് 2/2040/2016 തീയതി: 26 /05/2016**

ശ്രീ.ദ്വിദിഷ് ദ്വിവേദി, കരിക്കുഴിയിൽ ഹൗസ്, എസ്.എൻ.പുരം.പി.ഒ, ചേർത്തല, ആലപ്പുഴ ഈ ഓഫീസിലെ 'ബി' ക്ലാസ്സ് കരാറുകാരനായിരുന്നു. (രജിസ്റ്റർ നമ്പർ 18 B/SESC /2010-11) ടിയാന്റെ ലൈസൻസിന്റെ കാലാവധി 31.3.2014 വരെയായിരുന്നു.

സൂചന (2) പ്രകാരം ടിയാന്റെ മകൻ ശ്രീ.ദ്വിദിഷ് ദിവേദി സമർപ്പിച്ച അപേക്ഷയിൽ ശ്രീ.കെ.എം.ദ്വിവേദി 2012 സെപ്റ്റംബർ മാസം 12-ാം തീയതി മരണപ്പെട്ടതായും അദ്ദേഹത്തിന്റെ ലൈസൻസ് റദ്ദുചെയ്ത് സെക്യൂരിറ്റി തുക മടക്കി നൽകണമെന്നും അപേക്ഷിച്ചിരിക്കുന്നു. അപേക്ഷകൻ ടിയാന്റെ മരണസർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ്, അസ്സൽ ലൈസൻസ്, പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് മുതലായവ ഹാജരാക്കിയിട്ടുണ്ട്.

ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് മരണപ്പെട്ട വ്യക്തിയായ ശ്രീ.കെ.എം.ദ്വിവേദിയുടെ ലൈസൻസ് റദ്ദ് ചെയ്തിരിക്കുന്നു. റദ്ദായ ലൈസൻസിന്റെ ജാമ്യത്തുകയായ 50,000/ രൂപ ഉത്തരവ് തീയതി മുതൽ ആറുമാസത്തിനുള്ളിൽ ടിയാന് ഗവൺമെന്റിൽ യാതൊരുവിധ ബാധ്യതകളുമില്ല എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകുന്നതാണ്.

സൂപ്രണ്ടിംഗ് എഞ്ചിനീയർ

ശ്രീ.ദ്വിദിഷ് ദ്വിവേദി,
S/o.കെ.എം.ദ്വിവേദി,
കരിക്കുഴിയിൽ ഹൗസ്,
എസ്.എൻ.പുരം.പി.ഒ, ചേർത്തല,
ആലപ്പുഴ.

തുടർച്ച........2

പകർപ്പ്:- സൂപ്രണ്ടിംഗ് എഞ്ചിനീയർ സെൻട്രൽ സർക്കിൾ ആലുവ, നോർത്ത്
സർക്കിൾ കോഴിക്കോട്,
സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല തിരുവനന്തപുരം,
സെൻട്രൽ സർക്കിൾ, തൃശൂർ /
നോർത്ത് സർക്കിൾ, കോഴിക്കോട് / സൗത്ത് സർക്കിൾ,
തിരുവനന്തപുരം,
ജുഡിഷ്യൽ സർക്കിൾ, എറണാകുളം / നാഷണൽ ഹൈവേ,
സെൻട്രൽ സർക്കിൾ, ആലുവ / നോർത്ത് സർക്കിൾ കോഴിക്കോട്.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം,
സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സൗത്ത് സർക്കിൾ,
തിരുവനന്തപുരം,
സെൻട്രൽ സർക്കിൾ, തൃശൂർ/നോർത്ത് സർക്കിൾ കോഴിക്കോട്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തു വിഭാഗം
തിരുവനന്തപുരം/കൊല്ലം/കോട്ടയം/ആലപ്പുഴ/പത്തനംതിട്ട.

എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെട്ടിട വിഭാഗം
തിരുവനന്തപുരം/കൊല്ലം/കോട്ടയം/ആലപ്പുഴ/പത്തനംതിട്ട.

താങ്കളുടെ ഓഫീസിൽ നിന്നും കരാർ ജോലി എന്തെങ്കിലും ഏറ്റെടുത്ത് നടത്തിയവകയിൽ ടിയാന് എന്തെങ്കിലും വിധത്തിൽ സർക്കാരിൽ ബാദ്ധ്യതയുണ്ടോ എന്ന വിവരം താങ്കളും താങ്കളുടെ ഓഫീസിന് കീഴിലുള്ള ഓഫീസുകളിലും പരിശോധിച്ച് 3 മാസത്തിനുള്ളിൽ ഈ ഓഫീസിൽ അറിയിക്കേണ്ടതും താങ്കളിൽ നിന്നും യാതൊരു മറുപടിയും നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചില്ലെങ്കിൽ ടിയാന് യാതൊരു ബാധ്യതയും ഇല്ല എന്ന് പരിഗണിച്ച് ജാമ്യത്തുക തിരികെ നൽകുന്നതാണ്.